"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തസ്വഭവ - LID&EW - ജീവനക്കാര്യം - വടകര നഗരസഭയിൽ കരാർ അടിസ്ഥാനത്തിൽ താത്കാലികമായി നിയമിച്ച അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയുടെ കരാർ കാലാവധി 02.11.2023 മുതൽ 01.11.2024 വരെ ദീർഘിപ്പിച്ച് - ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്

സ.ഉ.(സാധാ) നം.1759/2024/LSGD തീയതി,തിരുവനന്തപുരം, 24-09-2024

---

പരാമർശം:-

1. 05.11.2020-ലെ EWA3/157/2020-LSGD നമ്പർ സർക്കാർ കത്ത്.
2. 08.12.2022-ലെ EWB1/165/2022-LSGD നമ്പർ സർക്കാർ കത്ത്.
3. വടകര നഗരസഭ ചെയർമാന്റെ 01.08.2023- ലെ G4-18244/21 നമ്പർ കത്ത്.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 04.11.2023, 17.02.2024 തീയതികളിലെ LSGD/PD/56764/2023-DEF6 നമ്പർ കത്തുകൾ.

**ഉത്തരവ്**

വടകര നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജോലിഭാരം കണക്കിലെടുത്ത് നിലവിലുള്ള രണ്ട് അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് പുറമെ പരാമർശം (1) പ്രകാരം കരാറടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുകയും പരാമർശം (2) പ്രകാരം 31.10.2023 വരെ ദീർഘിപ്പിക്കുകയും ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയുടെ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം വടകര നഗരസഭ ചെയർമാൻ അഭ്യർത്ഥിക്കുകയും ആയതിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വടകര നഗരസഭ കാര്യാലയത്തിൽ താത്കാലികമായി അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ശ്രീ. ജിതിൻനാഥ്. എസ്-ന്റെ സേവനകാലാവധി കരാർ ദിവസവേതനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് ധനവകുപ്പിൽ

നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ പൊതുമാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, സ്ഥിരപ്പെടുത്തുവാൻ യാതൊരു അവകാശ വാദവും ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയോട് കൂടിയും നീട്ടി നൽകിയ കാലാവധിയിൽ സമയബന്ധിതമായി വടകര നഗരസഭ നിർദ്ദേശിക്കുന്ന എഞ്ചിനീയറിംഗ് ജോലികൾ പൂർത്തിയാക്കേണ്ടതാണെന്നും ടിയാന്റെ വേതനവും ഇതര ആനുകൂല്യങ്ങളും മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ടിൽ നിന്നും നിർവ്വഹിക്കപ്പെടേണ്ടതാണെന്നും വ്യവസ്ഥ ചെയ്ത് കൊണ്ട് ടിയാന്റെ സേവന കാലാവധി അവസാനിച്ച തീയതിയായ 31.10.2023-ന് ശേഷം ഒരു ദിവസത്തെ ബ്രേക്ക് നൽകിക്കൊണ്ട് വടകര നഗരസഭ കാര്യാലയത്തിൽ താത്കാലികമായി അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ജിതിൻനാഥ്. എസ്-ന്റെ സേവനകാലാവധി 02.11.2023 മുതൽ 01.11.2024 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
3. ചെയർമാൻ,വടകര നഗരസഭ, കോഴിക്കോട്.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് ) തൃശ്ശൂർ.
5. ശ്രീ. ജിതിൻനാഥ്. എസ്, അസി.എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
6. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
7. വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Keerthi J R
സെക്ഷൻ ഓഫീസർ
Date: 24-09-2024 16:25:07